

സിഒവിഐഡി 19

കവിത

ററി കെ രാംചന്ദ്

സിഒവിഐഡി–19

കവിത

റെി കെ രാംചന്ദ്

സിഒവിഐഡി–19

1 വിജനമായലോകം!

ഫ്രാൻസ്: എയ്ഫെൽ ടൗർ



ലെൺഡൻ: വെസ്റ്റ്മിൻസ്റ്റർ ബ്രിഡ്ജ്



മിലാൻ: ദുഒമൊ സ്കയർ



റോം: ഇറ്റലി: സ്പാനിഷ് സ്റ്റെപ്പ്സ്



സിഡ്നി: ഓപ്പറ ഹൗസ്




വെനീസ്: ഗ്രാൻഡ് കനാൽ




വത്തിക്യാൻ സിറ്റി: സെന്റ് പീറ്റേഴ്സ് സ്കൊയർ



മെക്ക



India in pictures:


































2 (ഒരു വികാര ഭാവന!)

എല്ലാം സൃഷ്ടിച്ചതീശ്വരനെങ്കിൽ
ആ ഈശ്വരനോടൊരു...ചോദ്യം?
‘‘എന്തിനായിട്ടങ്ങ് സൃഷ്ടിച്ചു, ഈ
സിഒവിഐഡി–19 വൈറസിനെ?’’

ഉടൻ വന്നൂ, വാട്ട്സപ്പിലതിൻ
ഉത്തരം, അങ്ങ് സ്വർഗ്ഗത്തീന്ന്!
‘‘മനുഷ്യനങ്ങൊത്തിരി അഹന്ത!
അവന്റഹങ്കാരം ശമിപ്പിക്കാൻ!’’

‘‘എങ്കിലു...ണ്ടെനിക്കൊരു സംശയം
അതുകൂടൊന്ന് തീർത്തു...തരുമോ?
മനുഷ്യനെയും സൃഷ്ടിച്ചതങ്ങു
തന്നല്ലെ? ഉത്തരം നൽകിയാലും.’’

‘‘അതേ, അതിനെന്താണ് സംശയം!’’
‘‘മസ്തിഷ്കം അവന്റേതുമപ്പോൾ
സൃഷ്ടിച്ചതങ്ങുതന്നല്ലെ സംശ–
യ...ലേശമെന്യേ! ഓതുക ഭവാൻ!’’

‘‘മസ്തിഷ്കവുമെൻ നിർമ്മിതിതന്നെ.’’
‘‘മാനുഷവികാരങ്ങളവയും
മനുഷ്യപ്രവൃത്തികളവയും
മസ്തിഷ്കമല്ലേ നിയന്ത്രിക്കുക?’’

വന്നില്ലുത്തരമൊന്നും, എങ്കിലും
വീണ്ടും ചോദിച്ചുകൊണ്ടേയിരുന്നു!
‘‘മാനവ...നഹങ്കാരി...യായെങ്കിൽ,
മസ്തിഷ്കമാണങ്ങ...നാക്കിയത്!’’

‘‘മസ്തിഷ്കന്യൂനതയാൽ മനുഷ്യൻ
മതിമറന്നെങ്കിൽ, മനുഷ്യനേ...
അല്ലുത്തരവാദി, സൃഷ്ടാവുതാൻ!
അല്ലെന്നങ്ങേക്ക് ചൊല്ലാനാകുമോ?!’’

‘‘സ്വന്തം തെറ്റിനങ്ങ് മാനവനെ
ശിക്ഷിക്കുവത് ധർമ്മകർമ്മമോ!?
തന്റേതല്ലാത്ത തെറ്റിനവനെ
ബലിയാക്കുവതെന്ത് നീതിതാൻ?!’’

‘‘മനുഷ്യനഹങ്കാരിയായിടും
എന്നങ്ങേക്കറിഞ്ഞൂടായിരുന്നു,
എന്നോതി, തടിതപ്പാനകുമോ
സൃഷ്ടികർത്താവാകുമങ്ങേക്ക്?!’’

‘‘മുൻകൂറെല്ലാമറിയാവുന്നവൻ,
സർവ്വഗുണസമ്പന്നനെന്നൊക്കെ–

യല്ലേ ദൈവസങ്കല്പം, ഈ ഭൂവിൽ!
അതിനൊരപവാദമോ ഇത്!?''

മസൂരി, ദേവീകോപം നമുക്ക്,
പണ്ട്! ശാസ്ത്രം തുരത്തീ അതിനെ
ലോകത്തുനിന്നേ! ഇന്നിതിനെയും
തുരത്താം, നാം സഹകരിച്ചീടിൽ!

എല്ലാ അന്ധവിശ്വാസങ്ങളെയും,
ആരാധാലയങ്ങളിലെ പോക്കു-
പോലും ഒഴുവാക്കി, സാമൂഹിക
സമ്പർക്കം തടയുക താൻ മാർഗ്ഗം!

ദൈവപ്രീതിക്ക്, പടച്ചുയർത്തീ
പ്രത്യേകകെട്ടിടങ്ങൾ, മാനവൻ!
ആരാധനാലയങ്ങൾ എന്തിന്?
ഇന്ന്?! ചികിത്സാലയങ്ങൾ വേണം!

ആരാധനാലയങ്ങളിലെത്തി
ദൈവത്തെ ഭജിച്ച്, വൈറസിനെ
നിയന്ത്രിക്കാനാണ് ഭാവമെങ്കിൽ,
അതേ, ശ്മശാനമാകും, നിശ്ചയം!

മനുഷ്യൻ രക്ഷപെടുവാൻ ഒരേ
മാർഗ്ഗം, സമൂഹത്തിലെല്ലാവരും
അകലം പ്രാവർത്തികമാക്കുക!
പ്രയോഗപ്രദമല്ലീ പ്രാർത്ഥന!

മടയൻ മനുഷ്യനെ അധികം
ആകർഷിച്ചന്ധനാക്കാനല്ലാതീ
ആരാധനാലയങ്ങൾ നിർമ്മിതി
കൊണ്ടെന്ത് പ്രയോജനം?! ചൊല്ലുക!

ആരാധനാലയനിർമ്മിതികൾ
വെറും ദുർവ്യയം, എന്നതിന്നിപ്പോൾ
സിഒവിഐഡി-19 തെളിയിച്ചു!
ചികിത്സാലയങ്ങളാക്കൂ അവ!

മടയൻ മനുഷ്യനെ മണ്ടനായ്
എന്നെന്നും നിലനിർത്തുവതിനു-
തകുമൊരിടം എന്നല്ലാതെന്തു-
ണ്ടാരാധനാലയങ്ങൾക്ക് പങ്ക്?!

ദൈവത്തിൻ പേരിൽ മതചൂഷണം
നടത്തി മുതലെടുക്കുവോർക്കും
മതരാഷ്ട്രീയക്കളി നടത്തി
സ്ഥാനമാനങ്ങൾനേടുന്നവർക്കും
ഇരയായനന്തം അന്ധവിശ്വാ-
സികൾ വിലസുമിവിടെങ്ങനെ
നിഷ്കളങ്കമനുഷ്യന് സ്ഥാനം!?
നേരും നെറിയും ഇല്ലാത്ത ലോകം!

((((((((o))))))))

Oracle Park: California: USA



Times Square: New York: USA





COVID-19 -നെ ഉന്മൂലനം ചെയ്യുവാനാകാതെ നിസ്സഹായാവസ്ഥയിൽ!

